**H.NAGESH PRABHU, IFS**
PRINCIPAL CHIEF CONSERVATOR OF
FORESTS & HEAD OF FOREST FORCE

Office of the
Principal Chief Conservator of Forests,
Forest Headquarters, Vazhuthacaud
Thiruvananthapuram-695 014
Kerala, India.
☎: 0471 – 2339593
Fax 0471 2338808
e-mail pccf.for@kerala.gov.in

**സർക്കുലർ നമ്പർ 9/2017 തീയതി 21..10..2017**

വിഷയം: വനം വന്യജീവി വകുപ്പ് – പൊതുജനങ്ങൾക്ക് വനത്തിനോട് ചേർന്നു കിടക്കുന്ന സ്വകാര്യ ഭൂമിയുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അനുവദിക്കുന്ന നിരാക്ഷേപപത്രം (എൻ.ഒ.സി.) – സംബന്ധിച്ച്.

സൂചന: സർക്കാർ കത്ത് നമ്പർ എഫ്.ഡബ്ളിയൂ.എൽ ഡി –എ1/17/2017/വനം തീയതി 24.03.2017.

വനം വകുപ്പിലെ ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് വനത്തിനോട് ചേർന്നു കിടക്കുന്ന സ്വകാര്യ ഭൂമിയുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് നിരാക്ഷേപപത്രം അനുവദിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത നിരാക്ഷേപപത്രം (എൻ.ഒ.സി.) അനുവദിക്കുന്നതു സംബന്ധിച്ച് ചില പരാതികൾ വകുപ്പിലും സർക്കാർ മുമ്പാകെയും ലഭിച്ച സാഹചര്യത്തിൽ നിരാക്ഷേപപത്രം (എൻ.ഒ.സി.) അനുവദിക്കുന്നതിന് നിലവിലെ ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും പുറമേ സൂചന സർക്കാർ കത്തു പ്രകാരം നിർബന്ധമായും പാലിച്ചിരിക്കേണ്ട ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. *മേൽ വിഷയവുമായി ബന്ധപ്പെട്ട് ആവശ്യമായ രജിസ്റ്ററുകൾ ഓരോ ഫോറസ്റ്റ് സ്റ്റേഷനുകളിലും സൂക്ഷിക്കേണ്ടതാണ്.*
2. *എല്ലാത്തരം നിരാക്ഷേപപത്രങ്ങൾ സംബന്ധിച്ചും മുൻഗണന പട്ടിക തയ്യാറാക്കേണ്ടതാണ്. കൂടാതെ സർവ്വേ ആവശ്യമായി വരുന്ന സാഹചര്യത്തിൽ സർവ്വേയ്ക്കായി സീനിയോറിറ്റി രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിനോടൊപ്പം മുൻഗണനാക്രമം കൃത്യമായി പാലിക്കേണ്ട തുമാകുന്നു.*
3. *വനാതിർത്തി നിർണ്ണയിച്ചിട്ടില്ലാത്ത പക്ഷം അതു നിർണ്ണയിക്കുന്നതിന് സർവ്വേനടപടികൾ എത്രയും വേഗത്തിൽ പൂർത്തീകരിക്കേണ്ടതാണ്.*

നിരാക്ഷേപപത്രം (എൻ.ഒ.സി.) അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പരാതികളും ആക്ഷേപങ്ങളും ഒഴിവാക്കാൻ എല്ലാ ഓഫീസ് മേധാവികളും ഈ സർക്കുലറിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടുന്നതായി ഉറപ്പുവരുത്തേണ്ടതാണ്. ഈ സർക്കുലറിന് കൈപ്പറ്റ് രസീതും നൽകേണ്ടതാണ്.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ &
ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്

Website
8/11
Vinod.S
DCF (FMIS)

1/11/17
CF (FMIS)

**പകർപ്പ്:**

1. അഡീഷണൽ ചീഫ് സെക്രട്ടറി, വനം വന്യജീവി വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (കവറിംഗ് ലെറ്റർ സഹിതം).
2. എല്ലാ ഓഫീസ് മേധാവികൾ / സെക്ഷൻ തലവൻ/ സ്റ്റോക്ക് ഫയൽ.